LIBRARY ARCHIVES Kerala Legislative Assembly

പ്രവാസികളുടെ പുനരധിവാസം

103 (1477) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് പ്രവാസികൾക്ക് നൽകി വരുന്നത്;

(സി) പ്രവാസികളായ നഴ്സുമാർക്ക് ജോബ് പോർട്ടൽ മുഖേന ജോലി നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

(ബി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയുമാണ് പദ്ധതിയുടെ ആനുകൂല്യത്തിനായി പരിഗണിക്കുന്നത്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതിലേയ്ക്കാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നോർക്ക റൂട്ട്സും കാനറാ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, യൂണിയൻ ബാങ്ക് എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് മേൽപ്പറഞ്ഞ പദ്ധതി 2014-15 മുതൽ നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായി

ബാങ്കുകൾ ലോൺ അനുവദിക്കുന്നു. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) പ്രവാസികളായ നഴ്സുമാർ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ തൊഴിൽ തേടുന്ന എല്ലാവർക്കും നോർക്ക-റൂട്ട്സിന്റെ ജോബ് പോർട്ടലിൽ സൗജന്യമായി രജിസ്റ്റർ ചെയ്യുവാനും നോർക്ക-റൂട്ട്സ് മുഖേന നടത്തുന്ന റിക്രൂട്ട്മെന്റിലൂടെ വിദേശ ജോലി തേടാവുന്നതുമാണ്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മരണപ്പെടുന്ന പ്രവാസിയുടെ കുടുംബത്തിനുള്ള ധനസഹായം

104 (1478) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസിയുടെ കുടുംബത്തിന് നൽകുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് പെൻഷൻ നൽകാൻ പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിദേശത്ത് വച്ച് അപകടത്തിൽപ്പെട്ട് മരണപ്പെടുന്ന, നോർക്ക-റൂട്ട്സ് പ്രവാസി ഇൻഷ്വറൻസ് കാർഡ് എടുത്തിട്ടുള്ള പ്രവാസി കേരളീയരുടെ നോമിനിക്ക് അപകടമരണ ഇൻഷ്വറൻസ് ഇനത്തിൽ 2,00,000 രൂപ വരെ നൽകി വരുന്നുണ്ട്. കൂടാതെ നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ സാന്ത്വന പദ്ധതി വഴി വിദേശത്ത് മരണമടയുന്ന കേരളീയരുടെ അവകാശികൾക്ക് (വാർഷിക വരുമാനം 1,00,000 രൂപ വരെയുള്ളവർക്ക്) നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000 രൂപ വരെയും, 'സാന്ത്വന' ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്ക് ബഹു. മുഖ്യമന്ത്രിയുടെ സഹായനിധിയായ ചെയർമാൻ ഫണ്ട് പദ്ധതി മുഖാന്തരവും മരണാനന്തര ധനസഹായം നൽകിവരുന്നുണ്ട്.

പ്രവാസി ക്ഷേമനിധി അംഗത്വം (1 എ വിഭാഗം-വിദേശത്ത് ജോലി ചെയ്യുന്നവർ) നിലവിലുള്ള പ്രവാസി മരണപ്പെടുമ്പോൾ ആശ്രിതർക്ക് പരമാവധി 50,000 രൂപ വരെ ധനസഹായം ബോർഡിൽനിന്നും അനുവദിച്ചുവരുന്നുണ്ട്.

(ബി) പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമുള്ളതും പെൻഷന് അർഹത നേടിയതിനുശേഷം മരണപ്പെടുന്നതുമായ പ്രവാസിയുടെ നോമിനിക്ക് കുടുംബ പെൻഷൻ നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly